# CAREER Updates

# പത്രവൃത്താന്തം

**10.09.2024 (ചൊവ്വ)**



- ➪ 2024 സെപ്തംബറിൽ ആസ്ട്രേലിയയിൽ മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട മലയാളി
- ✔ ജിൻസൺ ആന്റോ ചാൾസ്
- ആസ്ട്രേലിയയിൽ മന്ത്രിയായി തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഇന്ത്യക്കാരനാണ് ജിൻസൺ ആന്റോ ചാൾസ്. കായികം, കല, സംസ്കാരം, യുവജനക്ഷേമം തുടങ്ങിയ വകുപ്പുകളാണ് ഇദ്ദേഹം കൈകാര്യം ചെയ്യുന്നത്.
- നോർത്തേൺ ടെറിട്ടറി സ്റ്റേറ്റിലെ സാൻഡേഴ്സൺ മണ്ഡലത്തിൽ നിന്ന് കൺട്രി ലിബറൽ പാർട്ടി സ്ഥാനാർത്ഥിയായാണ് ജിൻസൺ വിജയിച്ചത്. മുൻ ആഭ്യന്തര മന്ത്രി കെയ്റ്റ് വേർഡനെയാണ് ഇദ്ദേഹം തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തിയത്.

- ➪ ഏഷ്യൻ ഒളിമ്പിക് കൗൺസിലിന്റെ 44-ാമത് ജനറൽ അസംബ്ലിക്ക് വേദിയായ ഇന്ത്യൻ നഗരം
- ✔ ന്യൂഡൽഹി
- ➪ അനധികൃത കോളനികൾ വ്യാപിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ബിൽ 2024 സെപ്തംബറിൽ പാസ്സാക്കിയ സംസ്ഥാനം
- ✔ പഞ്ചാബ്
- ➪ 2024-ലെ യു.എസ്. ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം നേടിയത്
- ✔ യാനിക് സിന്നർ (ഇറ്റലി)
- ഫൈനലിൽ അമേരിക്കൻ താരം ടെയ്ലർ ഫ്രിറ്റ്സിനെ പരാജയപ്പെടുത്തിയാണ് സിന്നർ കിരീടം നേടിയത്. യു.എസ്. ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടുന്ന ആദ്യ ഇറ്റാലിയൻ താരമാണ് നിലവിൽ ലോക ഒന്നാം നമ്പർ താരം കൂടിയായ യാനിക് സിന്നർ. 2024-ലെ ഓസ്ട്രേലിയൻ ഓപ്പൺ സിംഗിൾസിലും സിന്നർ കിരീടം നേടിയിരുന്നു.
- ➪ 2024 സെപ്തംബറിൽ ചെസ്സ് ഒളിമ്പ്യാഡ് ഉദ്ഘാടനം ചെയ്യപ്പെട്ടതെവിടെ?
- ✔ ബുഡാപെസ്റ്റ്, ഹംഗറി
- ➪ തമിഴ് സിനിമാ മേഖലയിലെ ലൈംഗികാതിക്രമം സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനായി അഭിനേതാക്കളുടെ സംഘടനയായ നടികർ സംഘം രൂപീകരിച്ച കമ്മിറ്റിയുടെ അധ്യക്ഷ
- ✔ രോഹിണി
- ➪ ഇന്ത്യ-യു.എസ്. സംയുക്ത സൈനികാഭ്യാസമായ യുദ്ധ് അഭ്യാസ്-2024-ന് വേദിയായ ഇന്ത്യൻ സംസ്ഥാനം
- ✔ രാജസ്ഥാൻ
- ➪ ഇന്ത്യൻ നാവിക സേനയ്ക്കായി കൊച്ചി കപ്പൽ നിർമ്മാണശാലയിൽ നിർമ്മിച്ച് 2024 സെപ്തംബറിൽ നീറ്റിലിറക്കിയ രണ്ട് അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകൾ
- ✔ ഐ.എൻ.എസ്. മാൽപേ, ഐ.എൻ.എസ്. മുൾക്കി
- ➪ 2024 സെപ്തംബറിൽ ചൈന, വിയറ്റ്നാം, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽ നാശനഷ്ടം വിതച്ച ചുഴലിക്കാറ്റ്
- ✔ യാഗി

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999